**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **06-10-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി.യുടെ നിർദിഷ്ട നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ വില്ലേജിൽ 33 കെ.വി. സബ്സ്റ്റേഷൻ നെല്ലിക്കാപറമ്പിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 12.09.2024-ൽ നൽകിയിട്ടുണ്ട്. M/s Poabs Rock Pvt. Ltd. സൗജന്യമായി കെ.എസ്.ഇ.ബി.യ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണത്തിനായി നൽകാമെന്നേറ്റിരുന്ന 34.4 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരവെ, ക്വാറി നിരാക്ഷേപപത്രം (NOC) നൽകുന്നതിലെ നിയമഭേദഗതി കാരണം (BO [FTD] No. 409/2024 [D (T&SO)/T3/General/24-25] dtd 27.09.2024) ഭൂമി നൽകുന്നതിൽ നിന്നും M/s Poabs Rock Pvt. Ltd. പിൻമാറി. അതിനാൽ അനുയോജ്യമായ പുതിയ ഭൂമി കണ്ടെത്തുന്നതിനായി 19.07.2025-ൽ താൽപര്യപത്രം ക്ഷണിക്കുകയും പുതിയതായി കണ്ടെത്തിയ ഭൂമികളുടെ അനുയോജ്യത പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | അനുയോജ്യമായ ഭൂമി കണ്ടെത്തി LARR Act പ്രകാരം കെ.എസ്.ഇ.ബി.യിലേക്ക് കൈമാറിയതിന് ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ